തൊഴിലുറപ്പു പദ്ധതിയിൽ കുറഞ്ഞത് 50 ദിവസമെങ്കിലും പണി ചെയ്തിട്ടുള്ളവർക്കും രണ്ടു രൂപ നിരക്കിൽ ഭക്ഷ്യധാന്യം വിതരണം ചെയ്യുന്ന പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കിവരുന്നു. 2010-11 വർഷത്തിൽ നാളിതുവരെ 182.74 കോടി രൂപ പദ്ധതി നടത്തിപ്പിനായി ചെലവഴിച്ചുകഴിഞ്ഞു. ഇപ്പോൾ പുതുതായി താഴെപ്പറയുന്ന വിഭാഗങ്ങളിൽപ്പെട്ടവരെക്കൂടി പദ്ധതിയിൽ ഉൾപ്പെടുത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പരമ്പരാഗത ആഭരണ നിർമ്മാണത്തൊഴിലാളികൾ, ഓട്ടുകമ്പനിത്തൊഴിലാളികൾ, ഓട്ടോ മൊബൈൽ റിപ്പയറിംഗ് തൊഴിലാളികൾ, സ്കൂൾ ശുചീകരണ-പാചകത്തൊഴിലാളികൾ, ഭാഗ്യക്കുറിമേഖലയിലെ തൊഴിലാളികൾ, ഓട്ടോറിക്ഷാ തൊഴിലാളികൾ, ഇ.പി.എഫ്. പെൻഷൻകാർ, നിർമ്മാണ തൊഴിലാളികൾ, കള്ളുചെത്തു തൊഴിലാളികൾ, വികലാംഗർ, പെട്രോൾ ബങ്കിൽ പണിയെടുക്കുന്നവർ, കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമല്ലാത്ത കൃഷിനിലം ഇല്ലാത്ത നിർമ്മാണ തൊഴിലാളികൾ, ചുമട്ടു തൊഴിലാളികൾ, മോട്ടോർ തൊഴിലാളികൾ, കരകൗശല രംഗത്തെ തൊഴിലാളികൾ, കശുവണ്ടിത്തോട്ടം തൊഴിലാളികൾ തയ്യൽത്തൊഴിലാളികൾ, സർക്കാതിര ബാദി ജീവനക്കാർ, ക്ഷീരകർഷകർ, പെയിന്റിംഗ്തൊഴിലാളികൾ, വൃദ്ധജനങ്ങൾ, പേപ്പർവ്യവസായം (കൈത്തൊഴിൽ), മദ്രസ അദ്ധ്യാപകർ ഇതുൾപ്പെടെ 40 ലക്ഷം കുടുംബങ്ങളെ പദ്ധതിയിൻകീഴിൽ കൊണ്ടുവരാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

വരുമാന പരിധിയില്ലാതെ രണ്ടു രൂപയ്ക്ക് അരി

100 (166) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റേഷൻ ഗുണഭോക്താക്കൾക്ക് വരുമാന പരിധിയില്ലാതെ രണ്ടുരൂപയ്ക്ക് അരി വിതരണം ചെയ്യുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(സി) പദ്ധതി എന്ന് നടപ്പിൽ വരുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ-സി) സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖല സഹകരണസ്ഥാപനങ്ങളിൽ ജോലിയുള്ളവരെയും പെൻഷൻകാരെയും ഒരേക്കറിൽ കൂടുതൽ ഭൂമിയുള്ളവരെയും ഒഴിവാക്കി 40 ലക്ഷം റേഷൻ കാർഡുടമകൾക്ക് 2 രൂപ നിരക്കിൽ അരി നല്കുന്ന പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. കേരളത്തിലെ എല്ലാ കുടുംബങ്ങൾക്കും ഈ പദ്ധതി ബാധകമാക്കുന്നതിന് പല ഘടകങ്ങളും പരിശോധിക്കേണ്ടതുണ്ട്. സാമ്പത്തിക ബാദ്ധ്യത അരിയുടെയും മറ്റു ഭക്ഷ്യധാന്യങ്ങളുടെയും ലഭ്യത ഇവയൊക്കെ പരിഗണിച്ചാൽ മാത്രമേ ഇക്കാര്യത്തിൽ അന്തിമ തീരുമാനത്തിലെത്താൻ കഴിയൂ.

LIBRARY ARCHIVES Kerala Legislative Assembly